**അതോ ഭഗവതോ മായാ മായിനാമപി മോഹിനീ**
**യത്സ്വയം ചാത്മവർത്മാത്മാ ന വേദ കിമുതാപരേ (3–6–39)**
**യതോ*ƒ*പ്രാപ്യ നിവർത്തന്തേ വാചശ്ച മനസാ സഹ**
**അഹം ചാന്യ ഇമേ ദേവാസ്തസ്മൈ ഭഗവതേ നമ: (3–6–40)**

മൈത്രേയൻ പറഞ്ഞു:
അനന്തരം ഭഗവാൻ കാലത്തിൻെറരൂപത്തിൽ മഹത് തുടങ്ങിയ ഘടകങ്ങളെ നിയന്ത്രിക്കുന്ന ഇരുപത്തിമൂന്നു ദേവതകളിൽ പ്രവേശിച്ചു. ഇവയെ ഏകീകരിച്ച് വിഭിന്നങ്ങളായിരുന്നവയെ ആ വിശ്വപുരുഷൻെറ സമഗ്രഭാഗങ്ങളാക്കിതീർത്തു. അണ്ഠകാഹമായി വീണ്ടും ആയിരം ദേവവർഷങ്ങൾ വിശ്വപുരുഷൻ സ്വയം പ്രകടമാവാതെയിരുന്നു. അതത്രെ ഭഗവാൻെറ ആദ്യാവതാരം. സ്വയം വിശ്വപുരുഷനായി ഒന്നും (ഹൃദയം) പത്തും (പ്രാണൻ തുടങ്ങിയ ശക്തി കേന്ദ്രങ്ങൾ) മൂന്നും (പത്തിന്ദ്രിയങ്ങളും മനസ്സും ഇന്ദ്രിയഭോഗവസ്തുക്കളെ ബന്ധിപ്പിക്കുന്ന ബുദ്ധിശക്തി) എന്നിങ്ങിനെ ഭഗവാൻ പ്രകടമായി.

ഭഗവാൻ ഈ സാദ്ധ്യതകളെ പ്രകാശമാനമാക്കി. അങ്ങിനെയീ വിശ്വം സൃഷ്ടിക്കപ്പെട്ടു. ജീവനിൽ പലേവിധ കഴിവുകളും (ജ്ഞാനേന്ദ്രിയങ്ങൾ, കർമ്മേന്ദ്രിയങ്ങൾ, മനസ്സ്, ബുദ്ധിശക്തി, വിവേകബുദ്ധി, അഹങ്കാരം) അവക്കാവശ്യമായ വസ്തുക്കളും സൃഷ്ടിക്കപ്പെട്ടു. വസ്തുക്കളും വിവേചനശക്തികളും തമ്മിലുള്ള വിനിമയത്തിനാവശ്യമായ ബുദ്ധിയും ഉണ്ടായി.

വിശ്വപുരുഷനിൽ ബ്രഹ്മാവിൻെറ കേളീരംഗമായ ചിത്തവും നന്മതിന്മകൾ തിരിച്ചറിയാനുള്ള ബുദ്ധിയുമുണ്ടായി. അവൻെറ തലയിൽനിന്ന് സ്വർഗ്ഗവും കാലടികളിൽനിന്നു ഭൂമിയും ഉദരഭാഗത്തു നിന്നും അന്ത:രീക്ഷവും ഉത്ഭവിച്ചു. ദൈവീകമായ സാത്വികജീവികൾ സ്വർഗ്ഗത്തിലും, മനുഷ്യരും മൃഗങ്ങളും അവരുടെ രാജസീകസ്വഭാവം മൂലം ഭൂമിയിലും, ഭൂതപ്രേതാദികൾ തങ്ങളുടെ താമസീക സ്വഭാവത്താൽ അന്തരീക്ഷത്തിലും അലയുന്നു.

വിശ്വപുരുഷൻെറ വായിൽനിന്നും വേദങ്ങളും ഗുരുക്കന്മാരായ ബ്രാഹ്മണരും ഉണ്ടായി. അവൻെറ കൈകാലുകളിൽനിന്ന് ക്ഷത്രിയരുണ്ടായി. അവർ സമൂഹത്തിൻെറ രക്ഷാപ്രവർത്തനങ്ങൾ ചെയ്യേണ്ടവരത്രേ. അവൻെറ തുടകളിൽനിന്നു കൃഷികളും വ്യവസായങ്ങളും മറ്റുപ്രവൃത്തികളും ഉൽഭവിച്ചു. വൈശ്യർ എല്ലാവർക്കുംവേണ്ട ഭക്ഷണം ഉണ്ടാക്കുന്നവരത്രേ. വിശ്വപുരുഷൻെറ കാലടികളിൽനിന്ന് ശൂദ്രന്മാർ ഉണ്ടായി. ഭഗവാൻെറ സേവനത്തിലേർപ്പെട്ട് എല്ലാവർക്കും വേണ്ട ജോലികൾ ചെയ്യലാണ് ശൂദ്രന്മാരുടെ കർത്തവ്യം. ഭഗവൽസേവതന്നെയാണ് ശൂദ്രന്മാരുടെ പ്രവൃത്തികളേതും. ഇങ്ങിനെ ഓരോ വിഭാഗങ്ങളിലുള്ളവരും തങ്ങളുടെ ജോലി ഭംഗിയായി ചെയ്യുന്നതുവഴി ഭഗവാനെ പ്രീതിപ്പെടുത്തുന്നു.

ആ വിശ്വപുരുഷൻെറ മഹിമയെ പൂർണ്ണമായി വിവരിക്കാൻ ആർക്കു കഴിയും? ആ ഭഗവൽനാമമഹിമയെ വാഴ്ത്തിപ്പാടുകമാത്രമാണ് നമുക്കുചെയ്യാൻ കഴിയുന്ന പ്രയോജനപ്രദമായ ഒരെയൊരു ജോലി. എങ്കിലും സൃഷ്ടാവിനുപോലും സ്വയമാമഹിമയെ പൂർണ്ണമായി വിവരിക്കാനാവില്ല. മായാശക്തിയുടെ അപാരതകൊണ്ട് അപൂർവ്വശക്തിശാലികൾ പോലും അതിനടിമപ്പെടുന്നു. ഒരുപക്ഷേ ഭഗവാനുതന്നെ തൻെറ മായാശക്തിയുടെ ആഴമളക്കാൻ കഴിയുമോയെന്നു സംശയം. പിന്നെ മറ്റുള്ളവരുടെ കാര്യം പറയാനുണ്ടോ? എന്നേപ്പോലുള്ള മുനിമാർക്കും ദേവന്മാർക്കുപോലും അപ്രാപ്യനും മനസ്സിനുംവാക്കിനുമതീതനുമായ ഭഗവാന് നമോവാകം.